## സംയോജിത ശിശു സംരക്ഷണ പദ്ധതി, കേരളം

## സ്റ്റേറ്റ് ചൈൽഡ് പ്രൊട്ടക്ഷൻ സൊസൈറ്റി മെമ്പർ സെക്രട്ടറിയുടെ നടപടി ക്രമങ്ങൾ

(ഹാജർ : ശ്രീമതി അനുപമ.ടി.വി. ഐ.എ.എസ് ഡയറക്ടർ വനിത ശിശുവികസന വകുപ്പ്)

വിഷയം വനിത ശിശുവികസന വകുപ്പ് - ICPS കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധനസഹായം നൽകുന്ന പദ്ധതി - രണ്ടാം ഘട്ട തുക അനുവദിച്ച് ഉത്തരവാകുന്നു.

പരാമർശം

1. സ.ഉ.(കൈ) നം. 18/2021/സാനീവ. തീയതി : 20..6..2021.
2. സ.ഉ.(കൈ)നം. 1/2021/WCD തീയതി : 17..8..2021.
3. ഈ കാര്യാലയത്തിലെ സർക്കാർ നമ്പർ ICPS/4A/1602/2021 തീയതി 31.8.2021.
4. ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS 4(A)/1602/21 തീയതി 15.9.2021.
5. ഈ കാര്യാലയത്തിലെ ഉത്തരവ് നമ്പർ ICPS.7/16956/21 തീയതി 22..11..2021.
6. ഈ കാര്യാലയത്തിലെ കത്ത് നമ്പർ ICPS 4A/1602/2021 തീയതി 3..12..2021.

## ഉത്തരവ് നം. ICPS-7/1602/2021 തീയതി : 28..1..2022

കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ടുകയും കുട്ടികൾ അനാഥരാവുകയും അതോടൊപ്പം നേരത്തെ മാതാപിതാക്കളിൽ ഒരാൾ മരണപ്പെട്ടുകയും ശേഷിച്ച ആൾ ഇപ്പോൾ മരണപ്പെട്ട് രക്ഷിതാക്കൾ പൂർണ്ണമായും നഷ്ടപ്പെട്ടതുമായ എല്ലാ കുട്ടികൾക്കും സർക്കാർ ധനസഹായത്തിന് അനുമതി നൽകി പരാമർശം (1) പ്രകാരം ഉത്തരവായിട്ടുണ്ട്. ഈ ഉത്തരവിന്റെ അടിസ്ഥാനത്തിൽ പരാമർശം (2) പ്രകാരം കുട്ടികൾക്ക് ധനസഹായം അനുവദിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ നിശ്ചയിച്ച് ഉത്തരവായിട്ടുണ്ട്.

പദ്ധതി പ്രകാരം കുട്ടികൾക്ക് ഒറ്റത്തവണയായി 3 ലക്ഷം രൂപ ഫിക്സഡ് ഡെപ്പോസിറ്റായി 18 വയസ്സിനു ശേഷം പിൻവലിക്കാവുന്ന തരത്തിൽ അനുവദിക്കുന്നതിനോടൊപ്പം പ്രതിമാസമായി 2000/- രൂപ വീതം 18 വയസ്സ് പൂർത്തിയാകുന്നതുവരെ അനുവദിക്കുന്നതാണ്. പരാമർശം (3) പ്രകാരം ബാൽ സ്വരാജ് / പി.എം.കെയർ എന്നിവിടങ്ങളിൽ രേഖപ്പെടുത്തിയിട്ടുള്ള കുട്ടികളുടെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ കുട്ടിയെ പദ്ധതിയിൽ ഉൾപ്പെടുത്താൻ നിർദ്ദേശിച്ചിട്ടുണ്ട്.

അപ്രകാരം 12 ജില്ലകളിലെ 56 കുട്ടികൾക്ക് ആദ്യ ഘട്ടമായി ഫിക്സഡ് ഡെപ്പോസിറ്റായും പ്രതിമാസ ധനസഹായമായും ആകെ 1,71,36,000/- രൂപ ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർമാർക്ക് പരാമർശം (4), (5) പ്രകാരം അനുവദിക്കുകയുണ്ടായി.

കോവിഡ് ധനസഹായ പദ്ധതിയുടെ രണ്ടാം ഘട്ട ധനസഹായത്തിനുള്ള പ്രൊപ്പോസൽ സമർപ്പിക്കുന്നതിന് പരാമർശം (6) പ്രകാരം എല്ലാ ജില്ലകളെയും അറിയിക്കുകയുണ്ടായി. ആയതു പ്രകാരം 15.9.2021 മുതൽ 13.12.2021 വരെ ലഭിച്ച പ്രൊപ്പോസലുകളുടെ അടിസ്ഥാനത്തിൽ നിലവിൽ ലഭ്യമായ ഫണ്ടിൽ പരിമിതപ്പെടുത്തി വിവിധ ജില്ലകളിലെ 47 കുട്ടികൾക്ക് ഫിക്സഡ് ഡെപ്പോസിറ്റായി 1,41,00,000/- രൂപയും, 2000/- രൂപ നിരക്കിൽ പ്രതിമാസ ധനസഹായം 764000/- രൂപയും ഉൾപ്പെടെ 1,48,64,000/- (ഒരു കോടി നാൽപത്തിയെട്ട് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർക്ക് ചുവടെ ചേർക്കും പ്രകാരം അനുവദിച്ച് ഉത്തരവാകുന്നു.

| Sl. No. | District | FD Rs.3 lakhs per children | Monthly Rs.2000/- per month | Total |
|---|---|---|---|---|
| 1 | Kollam | 2400000 | 160000 | 2560000 |
| 2 | Pathanamthitta | 300000 | 18000 | 318000 |
| 3 | Alappuzha | 1500000 | 142000 | 1642000 |
| 4 | Ernakulam | 1500000 | 96000 | 1596000 |
| 5 | Thrissur | 2400000 | 8000 | 2408000 |
| 6 | Palakkad | 600000 | 60000 | 660000 |
| 7 | Idukki | 1800000 | 108000 | 1908000 |
| 8 | Malappuram | 1200000 | 72000 | 1272000 |
| 9 | Kannur | 900000 | 36000 | 936000 |
| 10 | Kasargode | 1500000 | 64000 | 1564000 |
| **Total** | | **14100000** | **764000** | **14864000** |

ടി തുക 14864000/- (ഒരു കോടി നാൽപത്തിയെട്ട് ലക്ഷത്തി അറുപത്തിനാലായിരം രൂപ മാത്രം) ബന്ധപ്പെട്ട ജില്ലാ വനിത ശിശുവികസന ഓഫീസർമാർ അതാത് ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക് കൈമാറേണ്ടതും പരാമർശം (3) ലെ നിർദ്ദേശം അനുസരിച്ച് നടപടി സ്വീകരിക്കേണ്ടതുമാണ്.

ഇതിലേയ്ക്കാവശ്യമായ തുക കോവിഡ് മൂലം മാതാപിതാക്കൾ നഷ്ടപ്പെട്ട അനാഥരായ കുട്ടികൾക്കുള്ള ധനസഹായത്തിനായി നടപ്പ് സാമ്പത്തിക വർഷത്തെ 2235-02-102-23( NP)എന്ന ശീർഷകത്തിൽ അനുവദിച്ചിട്ടുള്ള ഫണ്ടിൽ നിന്നും അനുവദിക്കേണ്ടതാണ്. ഫിക്സഡ് ഡെപ്പോസിറ്റായി

അനുവദിക്കുന്ന തുക അടിയന്തിരമായി ഗുണഭോക്താവിന്റേയും DCPO യുടെയും പേരിൽ ഒരാഴ്ചയ്ക്കുള്ളിൽ ട്രഷറിയിൽ നിക്ഷേപിക്കേണ്ടതും ആയത് ഈ കാര്യാലയത്തിൽ അറിയിക്കേണ്ടതുമാണ്.

ഒപ്പ്

**വനിത ശിശുവികസന ഡയറക്ടർ & മെമ്പർ സെക്രട്ടറി**

ബന്ധപ്പെട്ട ജില്ലാ ശിശുസംരക്ഷണ ഓഫീസർമാർക്ക്

പകർപ്പ്

1. സൂപ്രണ്ട് (എ) സെക്ഷൻ
2. ബന്ധപ്പെട്ട വനിത ശിശുവികസന ഓഫീസർമാർക്കും
3. ICPS 4
4. വെബ് സൈറ്റ്
5. സ്പെയർ കോപ്പി

ഉത്തരവിൻപ്രകാരം

സൂപ്രണ്ട്